## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3661 — 15.03.2018- ൽ മറുപടിയ്ക്ക്

### സഹകരണ നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ. പി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ സഹകരണ നയത്തിന്റെ കാഴ്ചപ്പാടും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ; | (എ) കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസിൽ സഹകരണനയത്തിന്റെ കരട് തയ്യാറാക്കി സഹകരണ കോൺഗ്രസ്സിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുക നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തിവരുന്ന സഹകരണ കോൺഗ്രസ്സ് 3 വർഷം കൂടുമ്പോൾ നടത്തുക, പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക, കാർഷിക/കാർഷികാനുബന്ധ വായ്പ ഇപ്പോഴത്തെ 10% എന്നതിൽ നിന്നും അടുത്ത 2 വർഷത്തിനുള്ളിൽ 25% വും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50% വും ആക്കുക, പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹനം നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചു<br>കൂടാതെ പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പെക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക, തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ |

പരിധിയിൽ കൊണ്ടുവരിക, ഉൽപാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക, സഹകരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ട് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുക തുടങ്ങി സഹകരണ മേഖലയ്ക്ക് ഒരു സമഗ്രനയം രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | ഉദാരവത്കരണത്തിന് ബദൽ എന്ന നിലയിൽ കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | സഹകരണ സംഘങ്ങൾ വഴി സാമൂഹ്യ സുരക്ഷാ പെൻഷൻ, കെ.എസ്.ആർ.ടി.സി പെൻഷൻ എന്നിവ വിതരണം ചെയ്തു വരുന്നു. കൂടാതെ സഹകരണ സംഘങ്ങൾ വഴി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, കമ്മ്യൂണിറ്റി കിച്ചൻ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതു പരിഗണനയിലാണ്. |
| (സി) | ഒരു പഞ്ചായത്തിന്റെ പരിധിയിൽ ഒന്നിലേറെ വായ്പാ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള സമീപനം വ്യക്തമാക്കുമോ; | (സി) | കേരള സഹകരണ നിയമത്തിലെ വകുപ്പ് 2 OA ലാണ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ നിർവചിച്ചിട്ടുള്ളത്. ഈ നിയമ വ്യവസ്ഥ നിലവിൽ വരുന്നതിനു മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടതും, ഒന്നിലേറെ പഞ്ചായത്തുകൾ പ്രവർത്തന പരിധിയുള്ളതുമായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ പ്രവർത്തനം ഒരു പഞ്ചായത്തായി നിജപ്പെടുത്തുന്നതിന് നിയമപരമായ പരിമിതികളുണ്ട്. |
| (ഡി) | സഹകരണ സംഘങ്ങളിലെ 'ആക്ടീവ് അംഗങ്ങളെ' 'സംഘങ്ങളുടെ പുരോഗതിക്ക് ഇടപെടാൻ കഴിയുന്ന സഹകാരി' എന്ന നിലയിലാണോ വിവക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2017 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ (ആക്ട് 14/2017) വകുപ്പ് 16A, 19A എന്നിവ ഒഴിവാക്കിയിട്ടുള്ളതിനാൽ സജീവ അംഗത്വത്തിന് ഇപ്പോൾ പ്രസക്തിയില്ല. |

സെക്ഷൻ ഓഫീസർ